**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 110** | **10-06-2021 - ൽ മറുപടിയ്ക്ക്**

**തൊഴിൽ നഷ്ടപ്പെട്ടവർക്ക് തൊഴിലവസരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ്,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ. അനൂപ് ജേക്കബ് | | Shri V Sivankutty<br>(പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി) | |
| (എ) | തൊഴിൽ നഷ്ടപ്പെട്ട് നാട്ടിൽ തിരിച്ചെത്തുന്ന പ്രവാസികൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കാനായി എന്തെങ്കിലും പ്രത്യേക പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; | (എ) | നാട്ടിൽ തിരിച്ചെത്തുന്ന പ്രവാസികളുടെ നൈപുണ്യ ശേഷി വികസിപ്പിച്ച് അവർക്ക് സ്വദേശ വിദേശ തൊഴിൽ കമ്പോളങ്ങളിൽ തൊഴിൽ നേടുന്നതിന് ആവശ്യമായ upskilling, reskilling പദ്ധതികൾ 2020-21 സാമ്പത്തിക വർഷത്തിൽ തന്നെ സംസ്ഥാന സർക്കാരിന്റെ കീഴിലെ നൈപുണ്യ വികസന ഏജൻസികളായ ASAP, KASE, ICT അക്കാദമി ഓഫ് കേരള തുടങ്ങിയ സ്ഥാപനങ്ങൾ വഴി പ്രവാസികാര്യ വകുപ്പ് നടപ്പാക്കി വരുന്നു. തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തിയ വിദഗ്ധ, അവിദഗ്ധ പ്രവാസികളെയും തൊഴിൽ അന്വേഷകരെയും ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള തൊഴിൽദാതാക്കളുമായി പരസ്പരം ബന്ധിപ്പിക്കുന്നതിലേക്കായി നോർക്ക സ്കിൽ റിപ്പോസിറ്ററി പോർട്ടൽ രൂപീകരിക്കുകയും പ്രവർത്തനം ആരംഭി ക്കുകയും ചെയ്തിട്ടുണ്ട്. തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ വഴി പ്രവാസികളുടെ പുനരധിവാസം നടപ്പിലാക്കുന്നതിലേക്കായി startup mission, meat product of India എന്നിവരുമായി സഹകരിച്ച് നിലവിലുള്ള പുനരധിവാസ പദ്ധതിയായ നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ് (NDPREM) കൂടുതൽ വിപുലീകരിക്കുകയും ചെയ്തു. ഒഡെപെക് മുഖേനയുള്ള വിദേശ നിയമനത്തിന് വിദേശത്തുനിന്നും തൊഴിൽ നഷ്ടപ്പെട്ട് തിരിച്ച് വരുന്ന തൊഴിൽ ദാതാക്കൾ ആവശ്യപ്പെടുന്ന യോഗ്യതയും പരിചയ സമ്പത്തുമുള്ള പ്രവാസികൾക്ക് മുൻഗണന നൽകുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. ഇവർക്കായി പ്രത്യേക രജിസ്ട്രേഷൻ സംവിധാനം ഒരുക്കുന്നതിനുള്ള നടപടികൾ ഏറെക്കുറെ |

| | | | |
|---|---|---|---|
| | | | പൂർത്തിയായി കഴിഞ്ഞു.<br>കോവിഡ്-19മഹാമാരിയുടെ ഭാഗമായി അഭിമുഖീകരിച്ചു കൊണ്ടിരിക്കുന്ന ലോക്ഡൗൺ, വിദേശവിമാനയാത്രകൾക്കുള്ള വിലക്ക് എന്നിവ മാറുന്നമുറയ്ക്ക് വിദേശതൊഴിൽ ദാതാക്കളുമായി കൂടിക്കാഴ്ചകൾ നടത്തി ഒഡെപെക് മുഖേനയുള്ള വിദേശ റിക്രൂട്ട്മെന്റ് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. കൂടുതൽ മേഖലകളിലേക്ക് റിക്രൂട്ട്മെന്റ് വ്യാപിപ്പിക്കുന്നതിനും ശ്രമം നടത്തി വരികയാണ്. കൂടാതെ എംപ്ലോയ്മെന്റ് വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന വിവിധ സ്വയം തൊഴിൽ പദ്ധതികളും പ്രയോജനപ്പെട്ട ത്താവുന്നതാണ്. |
| (ബി) | തിരിച്ചെത്തുന്ന പ്രവാസികളുടെ വിദേശ പ്രവൃത്തിപരിചയം ഉപയോഗപ്പെടുത്തി പുതിയ തൊഴിലവസരങ്ങൾ അന്വേഷിക്കാൻ സർക്കാർ എന്തെങ്കിലും സഹായം ലഭ്യമാക്കുന്നുണ്ടോ; | (ബി) | നാട്ടിൽ തിരിച്ചെത്തുന്ന പ്രവാസികളുടെ നൈപുണ്യ ശേഷി വികസിപ്പിച്ചു അവർക്ക് സ്വദേശ വിദേശ തൊഴിൽ കമ്പോളങ്ങളിൽ തൊഴിൽ നേടുന്നതിന് ആവശ്യമായ upskilling, reskilling പദ്ധതികൾ 2020-21 സാമ്പത്തിക വർഷത്തിൽ തന്നെ സംസ്ഥാന സർക്കാരിന്റെ കീഴിലെ നൈപുണ്യ വികസന ഏജൻസികളായ ASAP, KASE, ICT അക്കാദമി ഓഫ് കേരള തുടങ്ങിയ സ്ഥാപനങ്ങൾ വഴി പ്രവാസികാര്യ വകുപ്പ് നടപ്പാക്കി വരുന്നു. തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തിയ വിദഗ്ധ, അവിദഗ്ധ പ്രവാസികളെയും തൊഴിൽ അന്വേഷകരെയും ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള തൊഴിൽദാതാക്കളുമായി പരസ്പരം ബന്ധിപ്പിക്കുന്നതിലേക്കായി നോർക്ക സ്കിൽ റിപ്പോസിറ്ററി പോർട്ടൽ രൂപീകരിക്കുകയും പ്രവർത്തനം ആരംഭി ക്കുകയും ചെയ്തിട്ടുണ്ട്. തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ വഴി പ്രവാസികളുടെ പുനരധിവാസം നടപ്പിലാക്കുന്നതിലേക്കായി startup mission, meat product of India എന്നിവരുമായി സഹകരിച്ചു നിലവിലുള്ള പുനരധിവാസ പദ്ധതിയായ നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ് (NDPREM) കൂടുതൽ വിപുലീകരിക്കുകയും ചെയ്തു. ഒഡെപെക് മുഖേനയുള്ള വിദേശ നിയമനത്തിന് വിദേശത്തുനിന്നും തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചു വരുന്ന തൊഴിൽ ദാതാക്കൾ ആവശ്യപ്പെടുന്ന യോഗ്യതയും പരിചയ സമ്പത്തുമുള്ള പ്രവാസികൾക്ക് മുൻഗണന നൽകുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. ഇവർക്കായി പ്രത്യേക രജിസ്ട്രേഷൻ സംവിധാനം ഒരുക്കുന്നതിനുള്ള നടപടികൾ ഏറെക്കുറെ പൂർത്തിയായി കഴിഞ്ഞു.<br>കോവിഡ്-19മഹാമാരിയുടെ ഭാഗമായി |

| | | | |
|---|---|---|---|
| | | | അഭിമുഖീകരിച്ചു കൊണ്ടിരിക്കുന്ന ലോക്ഡൗൺ, വിദേശവിമാനയാത്രകൾക്കുള്ള വിലക്ക് എന്നിവ മാറുന്നമുറയ്ക്ക് വിദേശതൊഴിൽ ദാതാക്കളുമായി കൂടിക്കാഴ്ചകൾ നടത്തി ഒഡെപെക് മുഖേനയുള്ള വിദേശ റിക്രൂട്ട്മെന്റ് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. കൂടുതൽ മേഖലകളിലേക്ക് റിക്രൂട്ട്മെന്റ് വ്യാപിപ്പിക്കുന്നതിനും ശ്രമം നടത്തി വരികയാണ്. കൂടാതെ എംപ്ലോയ്മെന്റ് വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന വിവിധ സ്വയം തൊഴിൽ പദ്ധതികളും പ്രയോജനപ്പെടുത്താവുന്നതാണ്. |
| (സി) | മടങ്ങിവരുന്ന പ്രവാസികളുടെ പട്ടിക തയ്യാറാക്കി അവർക്ക് നൈപുണ്യപരിശീലനം നൽകി വീണ്ടും വിദേശത്ത് പോകാനുള്ള സഹായം ലഭ്യമാക്കാനുള്ള നടപടികൾ തൊഴിൽ വകുപ്പ് ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (സി) | കോവിഡ് വ്യാപനത്തെത്തുടർന്ന് വിദേശത്ത് ജോലി നഷ്ടപ്പെട്ട് മടങ്ങി വരുന്ന പ്രവാസികൾക്ക് പരിശീലനം നൽകി തിരികെ നാട്ടിലോ, വിദേശത്തോ, ജോലി നേടുന്നതിന് സഹായിക്കുന്ന പ്രവാസി പുനരധിവാസ പദ്ധതി നോർക്ക റൂട്ട്സും, സംസ്ഥാന നൈപുണ്യ വികസന മിഷനായ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) ഉം സംയുക്തമായി നടപ്പിലാക്കി വരുന്നു. കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ മികവിന്റെ കേന്ദ്രമായ അങ്കമാലിയിലുള്ള എസ്പോയർ (Espoir) അക്കാദമി മുഖാന്തിരം 92 പേർക്ക് മൂന്നു കോഴ്സുകളിലായി 40 ദിവസം നീണ്ടു നിൽക്കുന്ന പരിശീലനം ലഭ്യമാക്കി. ഓയിൽ ആൻഡ് റിഗ് മേഖലയിലെ ഇൻഡസ്ട്രിയൽ ഇലക്ട്രീഷ്യൻ, പൈപ്പ് ഫാബ്രിക്കേറ്റർ/ഫിറ്റർ, ടിഗ് ആൻഡ് ആർക് വെൽഡിംഗ് എന്നീ കോഴ്സുകളിലാണ് പരിശീലനം നൽകിയത്. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ഓയിൽ & ഗ്യാസ് മേഖലയിൽ ഇന്ത്യയിലും വിദേശത്തുമുള്ള തൊഴിലവസരങ്ങൾ നേടി-യെടുക്കുവാൻ സഹായിക്കുന്ന തരത്തിലാണ് പരിശീലനം ലഭ്യമാക്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ